തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ.പങ്കജാക്ഷൻ) : സർ, കോഴിക്കോട്ടുള്ള സ്റ്റാൻഡേർഡ് ഫർണീച്ചർ കമ്പനി കഴിഞ്ഞ വർഷം മാർച്ച് മുതൽ ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. ഒരു തൊഴിൽ തർക്കത്തിന്റെ പേരിലല്ല ലോക്കൗട്ട് ചെയ്തിട്ടുള്ളത്. സാമ്പത്തികമായ കാരണങ്ങളാലും മറ്റുമാണ് ആ സ്ഥാപനത്തിൽ തൊഴിൽ സ്തംഭനം ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യം സർക്കാർ ഈ സ്ഥാപനം ഏറ്റെടുത്ത് നടത്തണമെന്നുള്ളതാണ്. അത് ഇന്നത്തെ നിലയിൽ സർക്കാരിന് സാദ്ധ്യമാവുന്ന ഒരു കാര്യമല്ല. എന്നാൽ ഈ പ്രശ്നം ചർച്ചചെയ്യുന്നതിന് ഈ മാസം 18-ാം തീയതി ഒരു കോൺഫറൻസ് വിളിച്ചു കൂട്ടുന്നതിന് ഞാൻ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്റെ നേതൃത്വത്തിൽതന്നെ കോൺഫറൻസ് ചേരുന്നതാണ്.

.... (ബഹളം)..... ....

(5) ഏറ്റുമാനൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപാറ : സർ, എന്റെ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ ശുദ്ധജല ദൗർലഭ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പടിഞ്ഞാറൻ മേഖലകളിൽ ഒരുവർഷത്തിൽ ഓരു വെള്ളം മാത്രമാണ് പ്രശ്നമായിരുന്നതെങ്കിൽ ഇന്ന് പാടശേഖരങ്ങളിൽനിന്ന് തുറന്നുവിടുന്ന രാസവളവും കീടനാശിനികളും കലർന്നവെള്ളം പ്രശ്നമായിരിക്കുകയാണ്. ശുദ്ധജലം കുടിക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ മഞ്ചാടിച്ചെരിവ് മുതലായ പ്രദേശങ്ങളിലേയ്ക്ക് വിരിപ്പുകാലം പദ്ധതിയിൽനിന്ന് ആവശ്യമായ വെള്ളം കൊടുത്ത് അവിടത്തെ പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

....(ബഹളം).....

ജലസേചന വകുപ്പുമന്ത്രി (ശ്രീ.ബേബി ജോൺ) : സർ, ഏറ്റുമാനൂർ നിയോജകമണ്ഡലത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ഇപ്പോഴും നാല് ശുദ്ധജലവിതരണ പദ്ധതികളുണ്ട്. അവ 20 വർഷത്തോളം പഴക്കമുള്ളതാണ്. ഇപ്പോഴും അവിടെ ശുദ്ധജലത്തിന് ക്ഷാമമുണ്ട്. അതിന് പരിഹാരം കാണുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഏതാണ്ട് സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി അയ്മനം പഞ്ചായത്ത് ഉൾപ്പെടെ 7 പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കത്തക്കവണ്ണം 424.9 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് രൂപം നൽകി അതിന്റെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

(6) ആംപകുന്ന് ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി

ശ്രീ.സി.പി.ബാലൻ വൈദ്യർ : സർ, വളരെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്. ഒന്ന്, 5 കൊല്ലത്തോളമായി പ്രവർത്തിയാരംഭിച്ച കുന്നമംഗലം നിയോജക മണ്ഡലത്തിലെ കുന്നമംഗലം പഞ്ചായത്തിലെ ആംപ്രകുന്ന് ഹരിജൻ കോളനിയിലെ ശുദ്ധജല വിതരണ പദ്ധതി, ഇതുവരെ പൂർത്തിയാക്കി ശുദ്ധജലം കൊടുക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അപേക്ഷിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ചാലിയാറിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ് 10.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എ. എസ്. കൊടുത്തു എന്നാണ് അറിയുന്നത്. കോഴിക്കോട് കോർപ്പറേഷനിലെ കുടിവെള്ളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നത്തിന് പരിഹാരം കാണാനുള്ള ശാശ്വതമായ ഒരു പദ്ധതി കൂടിയാണത്. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നത്തിനും കൃഷിക്കും ജലസേചന സൗകര്യമുണ്ടാക്കുന്നതിനും ഉള്ള ബൃഹത്തായ ഒരു പദ്ധതിയാണത്. ചാലിയാർ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയും? അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്. എന്ന് ടെൻഡർ ചെയ്തത് അതിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ) : സർ, ആംപ്രകുന്ന് ഹരിജൻ കോളനിയിലെ ശുദ്ധജല വിതരണ പദ്ധതി 1986-ൽ തുടങ്ങിയതാണ്. ഇപ്പോഴും ഈ പദ്ധതിയുടെ പണികളും മിക്കവാറും തീർന്നു. വൈദ്യുതി കിട്ടിയാൽ വളരെ വേഗം ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. അതുപോലെതന്നെ ചാലിയാറിലെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. അത് പ്രീ-ക്വാളിഫിക്കേഷൻ ടെൻഡറിന് നോട്ടിഫൈ ചെയ്തിട്ടുണ്ട്. വളരെ വേഗംതന്നെ നടപടികളും സ്വീകരിക്കുന്നതായിരിക്കും.

(7) വടക്കഞ്ചേരി 110 K. V. സബ്സ്റ്റേഷൻ

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, ഏറ്റവും കൂടുതൽ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്ന ഒരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികളും തുടങ്ങിയിട്ടുണ്ട്. അതിന്റെ പണി വളരെവേഗം പൂർത്തിയാക്കണമെന്നും, അതുപോലെ കിഴക്കൻചേരി കണ്ടില്ലം മലയിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഒരു പദ്ധതിയെ സംബന്ധിച്ച് നിർദ്ദേശമുണ്ട്. അതും വളരെവേഗം തുടങ്ങണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വൈദ്യുതി മന്ത്രിയും (ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, വടക്കൻചേരി 110 കെ.വി. സബ്സ്റ്റേഷന്റെ പണിക്കുവേണ്ട പ്രാരംഭ നടപടികളും നടന്നുവരുന്നു. കിഴക്കൻചേരി-കണ്ടില്ലം എന്ന മിനി വൈദ്യുത പദ്ധതിയുടെ പ്രാരംഭ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ആ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അനുയോജ്യമെന്ന് കണ്ടാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികളും ഉടൻ സ്വീകരിക്കുന്നതാണ്.

(8) പി.എസ്.സി. അപേക്ഷാഫോറങ്ങളുടെ വിതരണം

ശ്രീ. എസ്. ശർമ്മ : സർ, പബ്ലിക് സർവ്വീസ് കമ്മിഷൻ വഴി വിതരണം ചെയ്യുന്ന ഫോമിന്, ഇവിടെ അവതരിപ്പിച്ചിട്ടുള്ള കഴിഞ്ഞ ബഡ്ജറ്റ് പ്രകാരം, അതിന്റെ ഫീസ് ഒഴിവാക്കിക്കൊണ്ടുള്ള നടപടിക്രമം വന്നിട്ടുണ്ട് ഇപ്പോൾ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന ഫാറത്തിന് ഇതിന്റെ ഫലമായി ഏജൻസികൾക്ക് കമ്മിഷൻ കിട്ടാതെവരികയും, ഫോറം വിതരണം ചെയ്യുന്നതിന് ചില പ്രയാസങ്ങൾ അനുഭവപ്പെടുകയും ചെയ്യുമെന്ന് മനസ്സിലാക്കുന്നു. അതുകൊണ്ട് ഇത് തദ്ദേശസ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly